# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2880 — 02.04.2013 ൽ - മറുപടിക്ക്

### 'ഗ്ലോബൽ പൊസിഷനിംഗ്,' വെഹിക്കിൾ ട്രാക്കിംഗ് എന്നീ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ സാധനങ്ങൾ പൊതുവിപണിയിലേക്ക് കടത്തുന്നത് തടയാൻ 2012-13 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളായ 'ഗ്ലോബൽ പൊസിഷനിംഗ്", വെഹിക്കിൾ ട്രാക്കിംഗ് എന്നിവ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ), & (ബി) | ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ഇതിന്റെ ഭാഗമായി ജി.പി.എസ്. സംവിധാനം നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യവും വളരെ ചെലവേറിയതും എന്നാൽ അത്രയും ഫലപ്രദമല്ലാത്തതുമായ വി.റ്റി.എസ്. നടപ്പിലാക്കേണ്ടതുണ്ടോ എന്ന കാര്യവും പരിശോധിച്ചുവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി വഴി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | | |
| (സി) | എത്ര രൂപയാണ് ഇതിനായി ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര രൂപാ ചിലവഴിച്ചു; വിശദമാക്കുമോ ? | (സി) | വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിലേയ്ക്കായി 2012-2013 ബഡ്ജറ്റ് സ്പീച്ചിൽ ഒരു കോടി രൂപ നീക്കി വച്ചിരുന്നു എങ്കിലും ബഡ്ജറ്റിൽ നോഷണൽ അഡ്വാൻസ് ആയി 1000/- (ആയിരം രൂപ) മാത്രമാണ് അനുവദിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ